കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റം / സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.142/2022/TRANS തീയതി,തിരുവനന്തപുരം, 01-04-2022

---

പരാമർശം:- 1. സ.ഉ.(അച്ചടി) നമ്പർ.08/2022/ഗതാഗതം തീയതി 19.03.2022.

2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ, 22.03.2022-ലെ, A1/6/2022-TC-നമ്പർ കത്ത്.

ഉത്തരവ്

ട്രാൻസ്പോർട്ട് കമ്മീഷണറുടെ, പരാമർശം (2) പ്രകാരമുള്ള, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ ചുവടെപ്പറയുന്ന സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

1. കാഞ്ഞിരപ്പള്ളി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.പി.സി. ചെറിയാൻ 28.02.2022-ന സർവീസിൽ നിന്നും വിരമിച്ച ഒഴിവിലേക്ക് ഉഴവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സഞ്ജയ് എസ്.- നെ ഭരണസൗകര്യാർത്ഥം മാറ്റി നിയമിക്കുന്നു.
2. ഉഴവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സഞ്ജയ് എസ്. -നെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് ദേവികുളം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സജീവ് കുമാർ എൻ.-നെ ഭരണസൗകര്യാർത്ഥം മാറ്റി നിയമിക്കുന്നു.
3. പരാമർശം (1) പ്രകാരമുള്ള സെലക്റ്റ് ലിസ്റ്റിൽ നിന്നും, സീനിയർ ആയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ശ്രീ.ശിവൻ പി.എൻ.-നെ, കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 28 (b) (i) പ്രകാരം, റെഗുലർ അടിസ്ഥാനത്തിൽ, 56,500 - 1,18,100/- എന്ന ശമ്പളസ്കെയിലിൽ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്കു സ്ഥാനക്കയറ്റം നൽകി, വടകര ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സുകുമാരൻ നായർ വി., 31.05.2022-ന വിരമിക്കുന്നതിനു മുന്നേ എൽ.പി.ആർ-ൽ പ്രവേശിച്ചതിൻറെ ഭാഗമായി, 10.03.2022-ന അവധിയിൽ പ്രവേശിച്ച ഒഴിവിൽ, നിയമിക്കുന്നു.
4. പരാമർശം (1) പ്രകാരമുള്ള സെലക്റ്റ് ലിസ്റ്റിൽ നിന്നും സീനിയർ ആയ എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.എൽദോ ടി.എച്ച്-നെ കെ.എസ്. & എസ്.എസ്.ആർ. ഭാഗം II, ചട്ടം 28 (b) (i) പ്രകാരം, റെഗുലർ അടിസ്ഥാനത്തിൽ, 56,500 - 1,18,100/- എന്ന ശമ്പളസ്കെയിലിൽ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്കു സ്ഥാനക്കയറ്റം നൽകി, ദേവികുളം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സജീവ് കുമാർ എൻ.-നെ സ്ഥലം മാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ജോയിന്റ് സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Anju.p.k**

**Date: 01-04-2022 12:34:23**

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.- ന്

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എസ്.- ന്